പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾക്ക് പ്രവൃത്തിയുടെ ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചുവരുന്നു. ഇതുകൂടാതെ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി ജി. ഒ. (പി.) നമ്പർ 213/15/ധന. തീയതി 5-6-2015 ഉത്തരവ് പുറപ്പെടുവിക്കുകയും കാലതാമസമില്ലാതെ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക**

55 (3156) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക കമ്മിഷൻ നിർദ്ദേശിച്ച തരത്തിലാണോ 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം നിയമസഭയെ അറിയിച്ചിട്ടുണ്ടോ;

(സി) വ്യത്യാസം വരുത്തിയതുമൂലം സംസ്ഥാനത്തിന്റെ റവന്യു കമ്മിയിലും ധനകമ്മിയിലും എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നാലാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക കമ്മീഷൻ നിർദ്ദേശിച്ച തരത്തിൽനിന്നും ചില വ്യത്യാസങ്ങൾ വരുത്തിയാണ് 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. ഇക്കാര്യം നിയമസഭയെ അറിയിക്കുന്നതാണ്.

(സി) 2015-16 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച തരത്തിൽനിന്നും വരുത്തിയ വ്യത്യാസം കാരണം സംസ്ഥാനത്തിന്റെ റവന്യു കമ്മിയിലും ധനകമ്മിയിലും ഉണ്ടാകാനിടയുള്ള വ്യത്യാസം വ്യക്തമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly